99 (3282) ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയ ദിവസങ്ങളിലെ വൈദ്യുതിയാവശ്യം

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയ ദിവസങ്ങളിലെ കേരളത്തിലെ കൂടിയ വൈദ്യുതിയാവശ്യം എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ സംസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയതുകൊണ്ട് കേരളത്തിലെ പീക്ക് ലോഡിലുണ്ടായ വർദ്ധനവ് എത്ര മെഗാവാട്ടാണ്;

(സി) വൈദ്യുതി ബോർഡിന്റെ അറിവില്ലാതെയാണ് ജില്ലാ ആസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയതെന്ന ആരോപണം ശരിയാണോ;

(ഡി) ജില്ലാ ആസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിക്കൊണ്ടുള്ള ബോർഡ് തീരുമാനത്തിന്റെ പകർപ്പ് നൽകുമോ;

(ഇ) പീക്ക്ലോഡ് ആവശ്യത്തേക്കാൾ വളരെ കൂടുതൽ സ്ഥാപിത ശേഷിയും കേന്ദ്രത്തിൽ നിന്നുള്ള അലോക്കേഷനും ഉണ്ടായിട്ടും ലോഡ് ഷെഡ്ഡിംഗ് തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ആറ് മാസത്തെ കണക്കനുസരിച്ച് ഏറ്റവും കൂടിയ വൈദ്യുതിയാവശ്യം 1954 മെഗാവാട്ടായിരുന്നു.

(ബി) ലോഡ്ഷെഡ്ഡിംഗ് നിലവിലിരുന്ന 1998 ഏപ്രിൽ മാസത്തിൽ പീക്ക് ഡിമാന്റ് 1712.8 മെഗാവാട്ടും, 1999 ഏപ്രിൽ മാസത്തിൽ - ജില്ലാ ആസ്ഥാനങ്ങളിൽ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയതിനുശേഷം 1827.9 മെഗാവാട്ടും ആയിരുന്നു. ഇതു തമ്മിൽ താരതമ്യം ചെയ്താൽ 115 മെഗാവാട്ടിന്റെ വർദ്ധനവുണ്ട്.

(സി) അല്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഇ) ഇപ്പോൾ നിലവിലുള്ള പ്രസരണ വിതരണ ശൃംഖല പീക്ക് ലോഡിൽ ആവശ്യമായ വൈദ്യുതി മുഴുവനും വഹിക്കാൻ പര്യാപ്തമല്ല. ആയതിനാലാണ് ലോഡ് ഷെഡ്ഡിംഗ് നിർബന്ധിതമാകുന്നത്.

100 (3283) ജലപദ്ധതികളുടെ നിർമ്മാണ ജോലികൾക്കായുള്ള പ്രീക്വാളിഫിക്കേഷൻ ടെണ്ടർ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, ആതിരപ്പള്ളി എന്നീ ജലപദ്ധതികളുടെ നിർമ്മാണ ജോലികൾക്കായുള്ള പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തത് എന്നാണ്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഈ ടെണ്ടറിന്മേലുള്ള ആദ്യത്തെ ഇവാല്യൂവേഷൻ കമ്മിറ്റി മീറ്റിംഗിന്റെയും രണ്ടാമത്തെ ഇവാല്യൂവേഷൻ കമ്മിറ്റി മീറ്റിംഗിന്റെയും മിനിട്ട്സ് നൽകുമോ; ആതിരപ്പള്ളി പദ്ധതിയുടെ ഇവാല്യൂവേഷൻ കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസിന് കരാർ നൽകിയാൽ കസ്റ്റംസ് തീരുവ ഇനത്തിൽ ബോർഡിന് എന്ത് തുകയുടെ ലാഭം ഉണ്ടാകുമായിരുന്നു;

(ഡി) ചൈനീസ് കമ്പനിയെ ഒടുവിൽ ക്വാളിഫൈ ചെയ്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഇ) ഈ രണ്ട് പദ്ധതികളുടെയും കരാർ ജോലിക്ക് ഇപ്പോൾ പ്രീക്വാളിഫൈ ചെയ്തിരിക്കുന്ന കമ്പനികൾ സമർപ്പിച്ച സാമ്പത്തിക പാക്കേജ് സംബന്ധിച്ച ഇവാല്യൂവേഷൻ കമ്മിറ്റിയുടെ അഭിപ്രായം മിനിട്ട്സിൽ രേഖപ്പെടുത്തിയത് വെളിപ്പെടുത്തുമോ;

(എഫ്) ഈ കമ്പനികൾക്ക് ഫിനാൻഷ്യൽ പാക്കേജ് ഓഫറിന് ഇവാല്യൂവേഷൻ കമ്മിറ്റി അംഗങ്ങൾ നൽകിയ മാർക്ക് എത്ര വീതമാണ്?

ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷന്റെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തിരുന്നത് 7.8.98/-ലും ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തിരിക്കുന്നത് 6.6.98-ലുമാണ്.

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെയും ആതിരപ്പള്ളി പദ്ധതിയുടെയും പ്രീക്വാളിഫിക്കേഷൻ കമ്മിറ്റി മീറ്റിംഗുകളുടെ മിനിട്ട്സിന് രഹസ്യസ്വഭാവം ഉള്ളതിനാലും ടെണ്ടർ നടപടികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്തതുമായ ഈ സന്ദർഭത്തിൽ മിനിട്ട്സ് ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

(സി) ഈ പദ്ധതികളുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടറുകൾ (ടേൺകീ അടിസ്ഥാനത്തിൽ) മാത്രമേ വിളിച്ചിട്ടുള്ളൂ.

(ഡി) പ്രോജക്ട് ഫൈനാൻസ് ചെയ്യുന്നതിനുള്ള കഴിവ്, വർക്കുകൾ ചെയ്തുള്ള എക്സ്പീരിയൻസ്, സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത, ടെക്നിക്കൽ പേഴ്സണൽ, മെഷീനറി എന്നിവയുടെ ലഭ്യത, മുമ്പ് ചെയ്തിട്ടുള്ള വർക്കുകളിലെ പെർഫോർമൻസ് എന്നിവയെ അടിസ്ഥാനമാക്കി ഇവാല്യൂവേഷൻ ചെയ്തപ്പോൾ, മെസേഴ്സ് ചൈന നാഷണൽ മെഷീനറി ആന്റ് എക്യൂപ്മെന്റ് ഇംപോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ ആന്റ് ചൈനാ വാട്ടർ റിസോഴ്സ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷന് പ്രീക്വാളിഫിക്കേഷൻ ചെയ്യേണ്ടുന്നതിനാവശ്യമായ യോഗ്യതയുണ്ടെന്നു കണ്ടതിനാലാണ് പ്രസ്തുത കമ്പനിയെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം പ്രീക്വാളിഫൈ ചെയ്തിട്ടുള്ളത്.

(ഇ) രഹസ്യസ്വഭാവമുള്ളതിനാൽ അഭിപ്രായം വെളിപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഇവ രഹസ്യസ്വഭാവമുള്ളവയായതിനാൽ ടെണ്ടർ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ഈ സന്ദർഭത്തിൽ ഈ വിവരങ്ങൾ വെളിപ്പെടുത്തുവാൻ ബുദ്ധിമുട്ടുണ്ട്.

101 (3284) ആഗോള ടെന്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിലയത്തിന്റെ നിർമ്മാണത്തിന് ക്ഷണിച്ചത് ആഗോള ടെന്റർ ആയിരുന്നുവോ;

(ബി) കോഴിക്കോട് നിലയത്തിന് ആഗോള ടെന്റർ ക്ഷണിച്ചിരുന്നുവോ;

(സി) എങ്കിൽ കോഴിക്കോട് നിലയത്തിന് ആഗോളടെന്റർ ക്ഷണിക്കുകയും കാസർഗോഡിന് ആഗോള ടെന്റർ ക്ഷണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 21-4-99 ലെ ബോർഡ് ഉത്തരവനുസരിച്ച് 40 മെഗാവാട്ട് പ്രോജക്ടിന് വൈദ്യുതിബോർഡ് ആഗോള ടെൻഡർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ക്ഷണിച്ചിരുന്നു.

(സി) പ്രസക്തമല്ല.

102 (3285) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (2X50) ക്കാവശ്യമായ യന്ത്രസാമഗ്രികൾ കെ.എസ്.ഇ.ബി.ക്ക് നൽകുന്നതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർക്ക് ബി.എച്ച്.ഇ.എൽ. നൽകിയ കത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 50 മെഗാവാട്ടിന്റെ രണ്ട് ജനറേറ്ററുകൾ എന്തു വിലയ്ക്കു നൽകാമെന്നാണ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് അറിയിച്ചിരുന്നത്;

(സി) ഈ ഇനത്തിൽ സർക്കാർ അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിൽ എന്തു തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്;

(ഡി) ഉയർന്ന തുകയാണെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) ഇൻഡ്യൻ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.നെ ഒഴിവാക്കി ചില വിദേശ കമ്പനികൾക്ക് കരാർ നൽകാൻ കെ.എസ്.ഇ.ബി.യിൽ നീക്കങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly